(ബി-ഡി) പുതിയ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.* 432.2 MW-ന്റെ 39 പദ്ധതികളിൽ 12 എണ്ണത്തിന് ബോർഡ് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികൾക്ക് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (അനുബന്ധം 2). മറ്റ് ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം ആയി നൽകിയിട്ടുണ്ട്.*

(ഇ) പ്രസ്തുത ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി, പൂർത്തീകരിക്കുന്ന വിധത്തിൽ പ്രത്യേക ടീമുകളാക്കി സർവ്വേ ജോലികളും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും ലാൻഡ് അക്വസിഷൻ നടപടികളും പുരോഗമിച്ച വരുന്നു.

മറ്റ് പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.

## വൈദ്യുതി ബോർഡ്

2(2240) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് നിലവിൽ ബോർഡ് ആയാണോ അതോ കമ്പനി ആയാണോ പ്രവർത്തിക്കുന്നത് - വ്യക്തമാക്കാമോ ; കമ്പനി ആക്കിയിട്ടുണ്ടെങ്കിൽ ഉത്തരവ് തീയതി ; ഏതൊക്കെ ഭാഗങ്ങളായാണ് ബോർഡ് വിഭജിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയ ഏതെങ്കിലും വൈദ്യുത പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) നിലവിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്നു അറിയിക്കുമോ ?

ഉത്തരം

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് 25-9-2008-ലെ ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം 31-10-2013-ലെ (പി) നമ്പർ 46/2013/ഊ. വ. ഉത്തരവു പ്രകാരം "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീവെസ്റ്റിംഗ്), 2013" എന്ന വിജ്ഞാപനത്തിലൂടെ, 14-1-2011-ൽ രൂപീകൃതമായ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 'എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയിലേക്ക് കേരള സർക്കാർ കൈമാറ്റം ചെയ്യുകയുണ്ടായി. 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് പ്രവർത്തിച്ചിരുന്ന സംസ്ഥാന വൈദ്യുതി ബോർഡ് നിലവിലില്ല. 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന കമ്പനിയിൽ ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മൂന്ന് സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളായി പ്രവർത്തിക്കുന്നതിന് സെക്കന്റ് ട്രാൻസ്ഫർ സ്കീം നിർദ്ദേശിക്കുന്നു. സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ വൈദ്യുത പദ്ധതികൾ താഴെ പറയുന്നു:

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി MW | വാർഷിക ഉല്പാദന ശേഷി MU |
|---|---|---|---|
| 1. | റാന്നി-പെരുനാട് ചെറുകിട ജല വൈദ്യുത പദ്ധതി | 4 | 16.73 |
| 2. | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 1.5 | 3.94 |
| 3. | പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി | 1.25 | 3.21 |
| 4. | പാമ്പുംകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP) | 0.11 | 0.29 |
| 5. | കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 10.5 | 27.6 |
| 6. | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7. | മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 3 | 8.37 |
| 8. | വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.63 |
| 9. | പൊരിങ്ങൽകുത്ത്(പുനരുദ്ധാരണം) | 2 | |
| 10. | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| | ആകെ | 36.06 | 85.07 |

(സി) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കണക്കുപ്രകാരം ബോർഡ് നഷ്ടത്തിലാണ്. കേന്ദ്ര റഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ലാഭം കാണിക്കേണ്ടതിൽ വന്ന കുറവും ബോർഡിന്റെ നഷ്ടവും ഉൾപ്പെടുത്തി 3998.90 കോടി രൂപ 2012-13-ൽ റഗുലേറ്ററി റവന്യൂ ഗ്യാപ്പ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly